ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.04.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ആറാം ഘട്ടത്തിനുള്ള വിജ്ഞാപനം പുറത്തിറക്കി. നാലാം ഘട്ടത്തിന്റെ പത്രികകൾ പിൻവലിക്കാനുള്ള അവസാന തീയതി ഇന്ന്.

The Election Commission has issued notification for the sixth phase of Lok Sabha elections 2024. Meanwhile, Today is the last date of withdrawal of candidature for the fourth phase of Lok Sabha elections.

2. രാജ്യത്ത് തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ . പ്രധാനമന്ത്രി കർണാടകയിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യുന്നു. കോൺഗ്രസ്സ് നേതാവ് രാഹുൽഗാന്ധി ഇന്ന് ഗുജറാത്തിൽ.

The parties intensified the campaigning for the loksabha elections. PM Narendra Modi addressed rally in Karnataka and Rahul Gandhi will campaign today in Gujarat

3. കേന്ദ്ര ഖനി മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന ക്രിട്ടിക്കൽ മിനറൽസ് ഉച്ചകോടിയ്ക്ക് ന്യൂഡൽഹിയിൽ തുടക്കം.

The Ministry of Mines is conductng two-days "Critical Minerals Summit today in Nwe Delhi

4. രാജ്യത്തെ തെക്ക് കിഴക്കൻ മേഖലയിൽ ഉഷ്ണതരംഗം മുന്നറിയിപ്പ് നൽകി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ പാലക്കാട് , കൊല്ലം, തൃശ്ശൂർ ജില്ലകളിൽ അതീവ ജാഗ്രത.

India Meteorological Department (IMD) has forecast that heat wave to severe heat wave conditions will continue to prevail over South- Eastern India. In Kerala, high alert notification given in Palakkad, Kollam and Thrissur districts

5. ഐ എസ് എൽ ഫുട്ബോളിന്റെ രണ്ടാംപാദ സെമിയിൽ ഇന്ന് മുംബൈ സിറ്റി - എഫ് സി ഗോവ പോരാട്ടം. മത്സരം രാത്രി 7.30 ന്.

In ISL football, the second phase of semifinal between Mumbai City and FC Goa will take place today at 7:30pm

&&&&&&&&&&&&&&

**HEADLINE-1**

**ELECTION- 6TH PHASE**

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ആറാം ഘട്ടത്തിനുള്ള വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു. ആറ് സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശമായ ഡൽഹിയിലേയും 57 ലോക്സഭാ സീറ്റുകളിലേക്കാണ് ഈ ഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്. ഡൽഹിയിൽ ഏഴ് , ഹരിയാനയിൽ പത്ത്, ഉത്തർപ്രദേശിൽ പതിനാല്, ബീഹാറിലും പശ്ചിമ ബംഗാളിലും എട്ട് വീതം, ഒഡീഷയിൽ ആറ് , ജാർഖണ്ഡിൽ നാല് എന്നിങ്ങനെയാണ് ആറാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന മണ്ഡലങ്ങൾ. മെയ് 6 ആണ് നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി. മെയ് 25 നാണ് വോട്ടെടുപ്പ്.

&&&&&&&&&&&&&&

**ELECTION- 4TH 5TH PHASE**

രാജ്യത്ത് ലോക്സഭാ തിരഞ്ഞെടുപ്പിന്റെ നാലാം ഘട്ടത്തിലെ നാമനിർദ്ദേശ പത്രികകൾ പിൻവലിക്കാനുള്ള സമയം ഇന്ന് അവസാനിക്കും. 9 സംസ്ഥാനങ്ങളിലെയും ജമ്മുകാശ്മീരിലെയും 96 സീറ്റുകളിൽ അടുത്ത മാസം 13 നാണ് നാലാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്. അഞ്ചാം ഘട്ടത്തിലേക്ക് അടുത്ത മാസം മൂന്ന് വരെ പത്രിക സമർപ്പിക്കാം. മെയ് 20 നാണ് വോട്ടെടുപ്പ്.

&&&&&&&&&&&&&&

## HEADLINE-2

**Campaigning (intro)**

*ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വരും ഘട്ടങ്ങളിലേക്കുള്ള പ്രചാരണം ഊർജിതമാക്കി രാഷ്ട്രീയ പാർട്ടികൾ. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഇന്ന് മഹാരാഷ്ട്രയിലെ പൂനെയിൽ മഹാ വിജയ് സങ്കൽപ് സഭാ റാലിയിൽ പങ്കെടുക്കും.*

*വിശദാംശങ്ങളിലേക്ക്......*

*(voice)*

*സോലാപൂർ, സതാര ജില്ലകളിലും പ്രധാനമന്ത്രി ഇന്ന് തിരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുക്കും.കർണാടകയിലെ ബഗൽകോട്ടിലും പ്രധാനമന്ത്രി തിരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുക്കുന്നുണ്ട്. ജെഡിയു അധ്യക്ഷൻ നിതീഷ് കുമാറും പരിപാടിയിൽ പങ്കെടുക്കും. കേന്ദ്ര ആഭ്യന്തര മന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ അമിത് ഷാ ഗുവാഹട്ടിയിൽ റോഡ് ഷോയിൽ പങ്കെടുക്കുന്നുണ്ട്. ബിഹാറിലെ ഝംഝാപൂരിലും ബെഗുസരായിലും രണ്ടു പൊതു സമ്മേളനങ്ങളിലും അദ്ദേഹം പങ്കെടുക്കും. സമാജ് വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ് ആഗ്രയിലും ഹത്രസിലും റാലികളിൽ പങ്കെടുക്കും. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഇന്ന് വടക്കൻ ഗുജറാത്തിലെ പഠാണയിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യും. ഛത്തീസ്ഗഢിലെ ബിലാസ്പൂരിലും പ്രചാരണം നടത്തും. കോൺഗ്രസ് നേതാവ് മല്ലികാർജുൻ ഖാർഗെ കർണാടകയിലെ റയ്ച്ചൂർ, യാദ്ഗിർ, കൽബുർഗി ജില്ലകളിൽ*

***തിരഞ്ഞെടുപ്പ് റാലികൾക്ക് നേതൃത്വം നൽകും. എഐസിസി ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി ഗുൽബർഗിൽ റാലിയെ അഭിസംബോധന ചെയ്യും. എൻസിപി സ്ഥാപകനേതാവ് ശരദ് പവാറും ശിവസേന നേതാവ് ഉദ്ധവ് താക്കറെയും ഇന്ന് മഹാരാഷ്ട്രയിൽ സംയുക്ത റാലി സംഘടിപ്പിക്കും.***

***ന്യൂസ് ഡെസ്ക് ആകാശവാണി***

&&&&&&&&&&&&&&

**REV. UP NOMINATION RAJNATH**

രാജ്യരക്ഷ മന്ത്രിയും ബിജെപിയുടെ മുതിർന്ന നേതാവുമായ രാജ്നാഥ് സിംഗ് നാമനിർദ്ദേശം പത്രിക സമർപ്പിച്ചു. ഉത്തർപ്രദേശിലെ ലക്നൗ ലോക്സഭാ മണ്ഡലത്തിൽ നിന്നാണ് അദ്ദേഹം ജനവിധി തേടുന്നത്. ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമിയും ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥും ശ്രീ രാജ്നാഥ് സിംഗിനെ അനുഗമിച്ചു. കേന്ദ്രമന്ത്രി സ്മൃതി ഇറാനിയും അമേഠിയിൽ നിന്ന് മത്സരിക്കുന്നതിനുള്ള പത്രിക ഇന്ന് സമർപ്പിക്കും. 2019ൽ ഇതേ സീറ്റിൽ നിന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയെ പരാജയപ്പെടുത്തിയാണ് സ്മൃതി ഇറാനി എംപിയായത്. ബിഎസ്പിക്കു വേണ്ടി രവി പ്രകാശ് മൗര്യയും അമേഠിയിൽ നിന്ന് മത്സരിക്കും.

&&&&&&&&&&&&&&

**TELANGANA-TICKETS TO WOMEN**

തെലങ്കാനയിലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ സ്ത്രീകൾക്ക് 12 ശതമാനം മാത്രം പ്രാതിനിധ്യം. സംസ്ഥാനത്തെ 17 സീറ്റുകളിലേക്ക് ബിജെപി, കോൺഗ്രസ്, ബി.ആർ.എസ് പാർട്ടികൾ ആകെ ആറ് വനിതാ സ്ഥാനാർത്ഥികളെയാണ് മത്സരിപ്പിക്കുന്നത്. മൽകാജ് ഗിരിയിൽ പി.സുനീത റെഡ്ഡിയും, വാറങ്കലിൽ കെ. കാവ്യയും അദിലാബാദിൽ അത്രം സുഗുണയും കോൺഗ്രസിന് വേണ്ടി മത്സരിക്കും. മഹാബുബ് നഗർ മണ്ഡലത്തിൽ ഡി.കെ അരുണയും ഹൈദരാബാദിൽ കെ.മാധവി ലതയുമാണ് ബിജെപി സ്ഥാനാർത്ഥികൾ. മഹാബുബ്

നഗറിലെ സിറ്റിംഗ് എം.പി മാലോത് കവിത ബി.ആർ.എസിനു വേണ്ടി വീണ്ടും ജനവിധി തേടും.

&&&&&&&&&&&&&&

**MANIPUR-REPOLLING**

ഔട്ടർ മണിപ്പൂർ ലോക്സഭാ മണ്ഡലത്തിലെ ആറ് പോളിംഗ് സ്റ്റേഷനുകളിൽ വീണ്ടും വോട്ടെടുപ്പ് നടത്താൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദേശം. ഉഖ്റുൽ ജില്ലയിലെ അഞ്ച് പോളിംഗ് സ്റ്റേഷനുകളിലും സേനാപതി ജില്ലയിലെ ഒരിടത്തുമാണ് നാളെ രാവിലെ ഏഴു മുതൽ വൈകിട്ട് നാല് മണി വരെ വോട്ടെടുപ്പ് നടക്കുക. റീപോളിംഗ് നടക്കുന്ന ആറിടങ്ങളിൽ ഈ മാസം 26 നാണ് വോട്ടെടുപ്പ് നടന്നത്.

&&&&&&&&&&&&&&

**EC AAP CAMPAIGN SONG**

ആം ആദ്മി പാർട്ടിയുടെ പ്രചാരണ ഗാനത്തിൽ മാറ്റംവരുത്താൻ ആവശ്യപ്പെട്ട് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ. തെരഞ്ഞെടുപ്പ് ചട്ടങ്ങളും കമ്മീഷന്റെ മാർഗ നിർദേശങ്ങളും ലംഘിച്ചെന്ന് ചൂണ്ടികാട്ടിയാണ് നടപടി. അതേസമയം, ഇതാദ്യമായാണ് ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രചാരണ ഗാനത്തിന് തിരഞ്ഞെടുപ്പ് കമ്മീഷൻ വിലക്കേർപ്പെടുത്തുന്നതെന്ന് എഎപി പ്രതികരിച്ചു. പ്രചാരണ ഗാനം വസ്തുതകളെ അടിസ്ഥാനമാക്കിയുള്ളതാണെന്നും മാതൃകാ പെരുമാറ്റച്ചട്ടം ലംഘിച്ചിട്ടില്ലെന്നും മുതിർന്ന എഎപി നേതാവ് അതിഷി മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&

**HEADLINE-3**

**MINES - CRITICAL MINERALS**

ക്രിട്ടിക്കൽ മിനറൽസ് ഉച്ചകോടിയ്ക്ക് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമായി. കേന്ദ്ര ഖനി മന്ത്രാലയത്തിന്റെ നേതൃത്വത്തിലാണ് ഉച്ചകോടി. ആധുനിക സാമ്പത്തിക വ്യവസ്ഥയുടെ പുരോഗതിയ്ക്കും

ദേശിയ സുരക്ഷയ്ക്കും അനിവാര്യമായ ധാതുക്കളെയാണ് ക്രിട്ടിക്കൽ മിനറൽസ് ആയി പരിഗണിക്കുന്നത്. ദേശിയ അന്തർദേശീയ തലത്തിലുള്ള വ്യവസായികൾ, സ്റ്റാർട്ട്പ്പുകൾ , സർക്കാർ ഉദ്യോഗസ്ഥർ, ശാസ്ത്രജ്ഞർ, വിദ്യാഭ്യാസ വിദഗ്ധർ തുടങ്ങിയവർ ഉച്ചകോടിയിൽ പങ്കെടുക്കും.

&&&&&&&&&&&&&&

## HEADLINE-4

## TELANGANA-HEATWAVE

രാജ്യത്തിന്റെ തെക്ക് കിഴക്കൻ മേഖലയിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഉഷ്ണതരംഗ മുന്നറിയിപ്പ് നൽകി. പശ്ചിമ ബംഗാളിന്റെ ഗംഗാ സമതല മേഖല, ഒഡീഷ, ബിഹാർ, ജാർഖണ്ഡ് എന്നിവിടങ്ങളിൽ അടുത്ത നാലു ദിവസം ഉഷ്ണതരംഗ സാഹചര്യം തുടരുമെന്നാണ് മുന്നറിയിപ്പ്. റായൽസീമ, കർണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഉത്തർപ്രദേശിന്റെ കിഴക്കൻ മേഖല എന്നിവിടങ്ങളിലും ഉഷ്ണതരംഗത്തിന് സാധ്യതയുണ്ട്. തെലങ്കാനയിലെ 33 ജില്ലകളിൽ 15 ഇടങ്ങളിൽ ഉഷ്ണതരംഗ മുന്നറിയിപ്പുള്ളതിനാൽ ഹൈദരാബാദ് കാലാവസ്ഥാ ഗവേഷണ കേന്ദ്രം രണ്ടു ദിവസത്തെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

&&&&&&&&&&&&&&

## IMD

കേരളത്തിൽ കൊല്ലം, തൃശൂർ, പാലക്കാട് ജില്ലകളിൽ താപനില ഉയർന്നു നിൽക്കുന്നതിനാൽ ഉഷ്ണതരംഗ സാഹചര്യമുണ്ടാകാനിടയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാവകുപ്പ് മുന്നറിയിപ്പ് നൽകി. പാലക്കാട് ജില്ലയിൽ തുടർച്ചായ മൂന്നാംദിവസം താപനില 41 ഡിഗ്രിക്ക് മുകളിലാണ്. അടുത്ത മാസം 2 വരെ പാലക്കാട് ജില്ലയിൽ ഉയർന്ന താപനില 41°C വരെയും, കൊല്ലം, തൃശൂർ ജില്ലകളിൽ 40°C വരെയും ഉയരുമെന്നാണ് മുന്നറിയിപ്പ്. അടുത്തമാസം രണ്ടുവരെ സംസ്ഥാനത്തെ പന്ത്രണ്ട് ജില്ലയിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഇതേതുടർന്ന് കേരളത്തിൽ അതീവജാഗ്രതാനിർദേശം

നൽകി. കണ്ണൂരും പാലക്കാടും കഴിഞ്ഞദിവസങ്ങളിൽ സൂര്യാതപമേറ്റുള്ള മരണം റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&

**LAKSHADWEEP**

ലക്ഷദ്വീപ് പ്രദേശത്ത് മണിക്കൂറിൽ 40 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പ്രദേശത്ത് മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും നിർദ്ദേശമുണ്ട്. കേരളത്തിൽ ഇന്നും നാളെയും എട്ട് ജില്ലകളിൽ നേരിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&

**Paris 2024 quota**

വനിതകളുടെ സ്കീറ്റ് വിഭാഗത്തിൽ ഇന്ത്യയുടെ മഹേശ്വരി ചൗഹാൻ 2024 പാരിസ് ഒളിമ്പിക്സ് യോഗ്യത നേടി. ദോഹയിൽ നടന്ന ഷോട്ട് ഗൺ ഒളിമ്പിക് യോഗ്യതാ മത്സരത്തിൽ വെള്ളിമെഡലോടെയാണ് മഹേശ്വരി യോഗ്യത നേടിയത്. ഇന്നലെ നടന്ന ഫൈനൽ മത്സരത്തിൽ ആറിൽ നാല് ഷൂട്ടർമാർക്കു മാത്രമാണ് ഒളിമ്പിക് യോഗ്യത നേടാനായത്. ഷൂട്ടിങ്ങിൽ ഇന്ത്യയുടെ 21-ാം യോഗ്യതയും ഷോട്ട് ഗണ്ണിൽ അഞ്ചാം യോഗ്യതയുമാണ്.

&&&&&&&&&&&&&&

**HEADLINE-5**

**ISL**

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് നടക്കുന്ന രണ്ടാം പാദസെമിയിൽ മുംബൈ സിറ്റി, ഗോവയെ നേരിടും. രാത്രി 7.30ന് മുംബൈ ഫുട്ബോൾ അരീനയിലാണ് മത്സരം. ഇന്നലെ നടന്ന രണ്ടാം പാദസെമിയിൽ ഒഡീഷയെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തി

മോഹൻ ബഗാൻ സൂപ്പർ ജയന്റ് ഈ സീസണിലെ ആദ്യ ഫൈനലിസ്റ്റുകളായി. മെയ് നാലിനാണ് ഫൈനൽ.

&&&&&&&&&&&&&&

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് - ഡൽഹി ക്യാപ്പിറ്റൽസിനെ നേരിടും. രാത്രി 7.30ന് കൊൽക്കത്തയിലാണ് മത്സരം. ഇന്നലെ നടന്ന ആദ്യ മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു - ഗുജറാത്ത് ടൈറ്റൻസിനെ 9 വിക്കറ്റിന് പരാജയപ്പെടുത്തി. മറ്റൊരു മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദിനെതിരെ ചെന്നൈ സൂപ്പർകിംഗ്സിന് 78 റണ്ണിന്റെ ഉജ്ജ്വല വിജയം.

&&&&&&&&&&&&&&

## INDIA – BANGLADESH

സിവിൽ സർവീസ് പരിശീലന രംഗത്ത് ഇന്ത്യയും ബംഗ്ളാദേശും തമ്മിലുള്ള സഹകരണം മെച്ചപ്പെടുത്താൻ തീരുമാനം. ഇതിനായി ഇന്ത്യയുടെ അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് ആൻഡ് പബ്ലിക് ഗ്രീവൻസ് വകുപ്പിൽ നിന്നുള്ള പ്രതിനിധി സംഘം ബംഗ്ലാദേശിലെത്തി. ബംഗ്ലാദേശിലെ സിവിൽ സർവീസുകാർക്ക് മികച്ച പരിശീലനം ലഭ്യമാക്കുന്നതിനായി 2014-ൽ ഒപ്പുവച്ച ധാരണാപത്രം പുതുക്കുന്നത് സംബന്ധിച്ച് ഇരുരാജ്യങ്ങളുടെയും പ്രതിനിധികൾ ചർച്ച നടത്തും.

&&&&&&&&&&&&&&

## CENTRE– INFLUENZA

രാജ്യത്തെ വിവിധയിടങ്ങളിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ അതീവ ജാഗ്രത പുലർത്തണമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം. സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും പകർച്ചവ്യാധികൾക്കെതിരെയുള്ള മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി ഉന്നതതല യോഗം

സംഘടിപ്പിച്ചു. മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്ക് പകരുന്ന രോഗങ്ങൾക്കെതിരെയും ജാഗ്രത വേണമെന്ന് മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&&&&&